**23147117**

23147117

**Reg. No...............................**

**Name..................................**

## B.A. DEGREE (CBCS) EXAMINATION, DECEMBER 2023

First Semester

Kathakali Maddalam

Core Course - MD1CRT01 - PLAYING MADDALAM METHODS

(2017 Admission onwards)

Time : Three Hours | Maximum Marks : 80

### Part A

*Write short note on any* **ten** (1-12)
*not exceeding* 50 *words.*
*Each question crarries* 2 *marks.*

1. ഗണപതികൈ കൊട്ടുന്നന്നിതിന്റെ ഉദ്ദേശമെന്ത്?
2. മദ്ദളത്തിലെ നാലാമത്തെ പാഠകൈ ഏത്? അത് സാധകം ചെയ്ത് ശീലിക്കുന്നതെന്തിന്?
3. രാമനാട്ടത്തിന്റെ ഉപജ്ഞാതാവാര്? ഏതെങ്കിലും നാല് രാമനാട്ടം കഥകളുടെ പേരെഴുതുക.
4. വിരലുകൾ മറിച്ചുകൊട്ടി പരിചയിക്കുന്നതിനായി സാധകം ചെയ്ത് ശീലിക്കേണ്ട പാഠകൈ ഏത്?
5. കേരളകലാമണ്ഡലത്തിന്റെ പ്രവർത്തനം ആരംഭിച്ചതെന്ന് ? ഈ സ്ഥാപനത്തിന്റെ ആദ്യകാല പ്രവർത്തനങ്ങൾ നടന്നതെവിടെയാണ്?
6. പഞ്ചവാദ്യത്തിന്റെ, ഇന്നുകാണുന്ന ശൈലിയുടെ ഉപജ്ഞാതാക്കളിൽ പ്രഥമ സ്ഥാനമർഹിക്കുന്ന രണ്ട് ആചാര്യങ്ങൾ ആരെല്ലാം?
7. കഥകളിയിൽ ഗായകർക്ക് പറയുന്ന പേരുകളെന്ത് ? കഥകളിയിൽ പിന്നണി സംഗീതത്തിന് രണ്ട് ഗായകർ വേണമെന്ന് നിശ്ചയിച്ച കഥകളി പരിഷ്കർത്താവാര് ?
8. കഥകളിയിൽ, സ്ത്രീവേഷാവതരണത്തിന് പ്രശസ്തി നേടിയ രണ്ട് കലാകാരന്മാരുടെ പേരെഴുതുക.
9. **'X'** അടി - വീച്ച എന്നീ സംജ്ഞകളുപയോഗിച്ച് ചെമ്പടതാളം മൂന്നാം കാലം രേഖപ്പെടുത്തി, ഈ താളത്തിന്റെ 2, 1, കാലങ്ങൾ എത്ര അക്ഷരകാലം വീതമെന്ന് എഴുതുക.
10. കഥകളിയിൽ ഏത് തരം കഥാപാത്രങ്ങളാണ് കത്തിവേഷത്തിൽ അരങ്ങിലെത്തുക? ഉദാഹരണ സഹിതം വിവരിക്കുക.

**Turn over**

11. കലാനിലയം എന്ന പേരിൽ പ്രസിദ്ധമായ കഥകളി സ്ഥാപനം എവിടെ സ്ഥിതിചെയ്യുന്നു? ഏത് ആട്ടക്കഥാകൃത്തിന്റെ സ്മാരകമായാണ് പ്രസ്തുത സ്ഥാപനം അറിയപ്പെടുന്നത്?

12. രാജ്യം പത്മ പുരസ്കാരങ്ങൾ നൽകി ആദരിച്ച കഥകളി ആചാര്യന്മാർ ആരെല്ലാം?

(10 × 2 = 20)

**Part B**

*Write any* **six** *short essay* (13-21) *not exceedomg 100 words.*

*Each question carries 5 marks.*

13. പാഠകൈകൾ ഏതെല്ലാം? ഇവയോരോന്നും സാധകം ചെയ്ത് ശീലിക്കുന്നതെന്തിന് ? - വിവരിക്കുക.

14. കൃഷ്ണനാട്ടം എന്ന കലാരൂപത്തെക്കുറിച്ചും അതിലുപയോഗിക്കുന്ന വാദ്യോപകരണങ്ങളെകുറിച്ചും വിവരിക്കുക.

15. ഒരു മദ്ദള വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം കേളിയുടെ ചിട്ടയായ പഠനം പ്രാധാന്യമർഹിക്കുന്നതെന്തുകൊണ്ട്? - വിവരിക്കുക.

16. എണ്ണം ഏറ്റിച്ചുരുക്കുക എന്നാലെന്ത്? ഉദാഹരണ സഹിതം വിവരിക്കുക.

17. രാമനാട്ടത്തിന്റെ ഉത്ഭവത്തിന് കാരണമായി എന്ന് പറയപ്പെടുന്ന കഥ എഴുതുക.

18. ഘനവാദ്യോപകരണങ്ങൾ എന്നാലെന്ത്?, കഥകളിയുമായും മറ്റ് കേരളീയ വാദ്യ കലാരൂപങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്ന ഘനവാദ്യോപകരണങ്ങളെകുറിച്ചും വാദ്യകലാരൂപങ്ങളുടെ അവതരണത്തിന് അവ എത്രകണ്ട് അനിവാര്യമാണെന്നും വിവരിക്കുക.

19. മദ്ദള ആചാര്യൻ ശ്രീമാൻ കലാമണ്ഡലം അപ്പുകുട്ടി പൊതുവാൾ അവർകളെകുറിച്ച് വിവരിക്കുക.

20. കഥകളിയുടെ ചടങ്ങുകൾ ക്രമമായി എഴുതി, അവയുടെ ഉദ്ദേശം വ്യക്തമാക്കുക.

21. വാദ്യങ്ങളെ എത്രയായി തരംതിരിച്ചിരിക്കുന്നു? ഏതെല്ലാം? ഉദാഹരണ സഹിതം വിവരിക്കുക.

(6 × 5 = 30)

## Part C

*Write long essay on any* **two** (22-25) *not exceeding 500 words.*

*Each question carries* 15 *marks.*

22. മദ്ദളകേളിയുടെ ഘടനയെകുറിച്ചും മേള സമ്പ്രദായത്തെകുറിച്ചും സവിസ്തരം പ്രതിപാദിച്ച്, നിങ്ങൾ അടുത്തിടെ കേട്ടാസ്വദിച്ച ഒരുമദ്ദള കേളിയെകുറിച്ച് ഒരാസ്വാദനം തയ്യാറാക്കുക.

23. മദ്ദളം ഉപയോഗിക്കുന്ന കലാ രൂപങ്ങളെകുറിച്ച് വിശദമായി ഉപന്യസിക്കുക.

24. നിങ്ങൾക്കിഷ്ടമുള്ള, സ്ത്രീവേഷപ്രധാനമായ ഒരാട്ടക്കഥയുടെ കഥാസാരം രംഗാനുക്രമമായി എഴുതുക.

25. കഥകളിയാസ്വാദനം - ഒരു മികച്ച കഥകളിയാസ്വാദകന് അവശ്യം ഉണ്ടായിരിക്കേണ്ട അറിവുകൾ - ഗുണഗണങ്ങൾ എന്നീ കാര്യങ്ങളെകുറിച്ച് വിവരിക്കുക.

(2 × 15 = 30)